**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 815** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വിതരണത്തിലെ കാലതാമസത്തെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വിതരണത്തിൽ കാലതാമസം വരുന്നില്ല. പോസ്റ്റ്മെട്രിക് വിഭാഗം വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് മുഖേന അപേക്ഷിച്ച് ആയത് ജില്ലാ ഓഫീസർ അംഗീകരിച്ച ശേഷം സ്ഥാപനത്തിൽ നിന്നും ക്ലെയിമുകൾ ഡയറക്ടറേറ്റിൽ എത്തുന്ന മുറയ്ക്ക് തുക വിതരണം ചെയ്തു വരുന്നു. പ്രീമെട്രിക് വിഭാഗം വിദ്യാർത്ഥികളുടെ ആനുകൂല്യം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഇ-ഗ്രാന്റ്സ് മുഖേന ക്ലെയിം ചെയ്യുകയും തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തു വരുന്നു. 2021-22 വർഷം പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ വിതരണം സംബന്ധിച്ച പുതുക്കിയ മാർഗനിർദേശം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചതിനാൽ ആയത് അനുസരിച്ച് ഇ-ഗ്രാന്റ്സ് സൈറ്റിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് 2021-22 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ആരംഭിക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്ന ഫണ്ടിന്റെ അപര്യാപ്തത കാരണം ചില സന്ദർഭങ്ങളിൽ സ്കോളർഷിപ്പ് വിതരണം നടത്തുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (ബി) | സ്റ്റൈപ്പന്റ് വിതരണം കാര്യക്ഷമമാക്കുന്നതിന് അതത് വർഷം തന്നെ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | പ്രീമെട്രിക്/പോസ്റ്റ്മെട്രിക് വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് നിലവിൽ അതാത് വർഷം തന്നെ വിതരണം ചെയ്തു വരുന്നു. |
| (സി) | പ്രൊഫഷണൽ കോളേജുകളിലെയും ആർട്സ് & സയൻസ് കോളേജുകളിലെയും | (സി) | സംസ്ഥാനത്ത് എല്ലാ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് വിഭാഗം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് അവരുടെ ബാങ്ക് അക്കൗണ്ടുകളിലൂടെ വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | അർഹതപ്പെട്ട സ്റ്റൈപ്പന്റ് അതാത് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലൂടെയാണ് നിലവിൽ വിതരണം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ